# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3096  07.11.2019-ൽ മറുപടി നൽകേണ്ടത്**

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ സ്കൂളുകളിലെ ലാബിന്റെയും ലൈബ്രറിയുടെയും കെട്ടിടങ്ങളുടെയും നിർമ്മാണം</u>**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
|---|---|
| കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കൊട്ടില, കുഞ്ഞിമംഗലം, മാട്ടൂൽ എന്നീ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾക്കനുവദിച്ച ലാബിന്റെയും ലൈബ്രറിയുടെയും നിർമ്മാണവും കിഫ്ബി വഴി ഒരു കോടി രൂപ വീതം അനുവദിച്ച അഞ്ച് ഗവൺമെന്റ് സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണവും ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കൊട്ടില, കുഞ്ഞിമംഗലം എന്നീ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് അനുവദിച്ച ലാബിന്റെയും ലൈബ്രറിയുടെയും നിർമ്മാണ പ്രവൃത്തി Kerala Infrastructure and Technology for Education (KITE) മുഖേന നിർവഹിക്കുന്നതിന് 06.11.2017-ലെ G.O(Rt)No.4198/2017/G.Edn. പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും, പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിൽനിന്ന് KITE പിൻമാറുകയും 19.10.19 ലെ സ.ഉ(സാധാ) നം.4310/2019/ പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തി പൊതു മരാമത്ത് വകുപ്പിനെ ഏൽപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. പുതുക്കിയ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.<br>മാട്ടൂൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ലാബ്, ലൈബ്രറി നവീകരണ പ്രവൃത്തി സിഡ്കോയെ ഏൽപ്പിക്കുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br>കിഫ്ബി വഴി ഒരു കോടി രൂപ വീതം അനുവദിച്ച അഞ്ച് ഗവ. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി **SPV** ആയി "കില"യെയും പ്രവൃത്തി നിർഹണത്തിന് **LSGD** യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ